"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ജീവനക്കാര്യം - കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ നിലവിലുള്ള സ്റ്റോർ സൂപ്രണ്ടിന്റെ രണ്ട് തസ്തികകളിൽ ഒരെണ്ണം പത്തനംതിട്ട ജനറൽ ആശൂപത്രിയിലേക്ക് പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.24/2025/H&FWD തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 25/07/2023 തീയതിയിലെ പി.എൽ.എ4/10412/2023/ആ.വ.ഡ. തീയതി നമ്പർ കത്തുകൾ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 20/02/2024 തീയതിയിലെ പിഎൽഎ 1-10412/2023/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യവകുപ്പിൽ പത്തനംതിട്ട ജില്ലയിൽ 400 ലധികം രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ളതും പ്രതിദിനം ആയിരത്തിലധികം രോഗികൾ ഒ.പി യിൽ ചികിത്സ തേടുന്നതുമായ ശബരിമല തീർത്ഥാടനകേന്ദ്രം ഉൾപ്പെടുന്ന ഒരു പ്രധാന ആശുപത്രിയാണ് പത്തനംതിട്ട ജനറൽ ആശുപത്രിയെന്നും ഈ സ്ഥാപനത്തിൽ പ്രതിവർഷം 15 കോടിയോളം രൂപയുടെ (4 കോടിയിലധികം K.M.S.C.L. ഉൾപ്പെടെ) മരുന്നുകളും അനുബന്ധ സാധനങ്ങളും സംഭരണവും വിതരണവും നടത്തുന്നത് ഹോസ്പിറ്റൽ സ്റ്റോർ വഴിയാണെന്നും എന്നാൽ ഇവിടെ സ്റ്റോർ സൂപ്രണ്ടിന്റെ തസ്തിക നിലവിലില്ലയെന്നും സേവനം ലഭ്യമായ രണ്ട് ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരിൽ ഒരു ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ G.D പമ്പയുടെ സ്ഥിരം ചുമതല നല്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു.

പത്തനംതിട്ട ജില്ലയിലെ തന്നെ കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ രണ്ട് സ്റ്റോർ സുപ്രണ്ടുമാരുടെയും ഒരു ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർന്റെയും തസ്തികകൾ നിലവിലുണ്ടെന്നും ഇവിടെനിന്ന് ഒരു സ്റ്റോർ സൂപ്രണ്ടിന്റെ തസ്തിക പത്തനംതിട്ട ജനറൽ ആശുപത്രിയിലേയ്ക്ക് പുനർക്രമികരണം നടത്തുകയാണെങ്കിൽ ആയത് പത്തനംതിട്ട ജനറൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അനുയോജ്യമായിരിക്കുമെന്നും പ്രസ്തുത രീതിയിൽ പുനഃക്രമീകരണം ചെയ്യുമ്പോൾ കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടില്ല എന്നും ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശ കത്തിന്റെ അടിസ്ഥാനത്തിൽ കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ നിലവിലുള്ള സ്റ്റോർ സൂപ്രണ്ടിന്റെ 2 തസ്തികകളിൽ ഒരെണ്ണം പത്തനംതിട്ട ജനറൽ ആശൂപത്രിയിലേക്ക് പുനഃക്രമീകരിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മൃണാൾസെൻ എം
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട.
സൂപ്രണ്ട്, ജനറൽ ആശുപത്രി, പത്തനംതിട്ട.
സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.*(ഈ ഉത്തരവ് കേരള സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shabeen S
Date: 22-01-2025 15:01:28
സെക്ഷൻ ഓഫീസർ